## ബൈബിൾ – ഖുർആൻ: ഒരു താരതമ്യപഠനം-6

# ബലി

● ഇ.സി സൈമൺ മാസ്റ്റർ

**ഖുർആൻ** അവതരിച്ചതിന്റെ ലക്ഷ്യങ്ങൾ ആ ഗ്രന്ഥത്തിൽതന്നെ വിശദീകരിച്ചിട്ടുണ്ട്. മുൻ വേദഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള സത്യങ്ങൾ അംഗീകരിക്കുക, ശരിവെക്കുക, സത്യാസത്യങ്ങൾ വേർതിരിച്ചറിയുന്നതിനു സഹായിക്കുക, മുൻവേദഗ്രന്ഥങ്ങളിൽ കടന്നുകൂടിയിട്ടുള്ള തെറ്റുകൾ ചൂണ്ടിക്കാണിച്ച് തിരുത്താൻ സഹായിക്കുക, മനുഷ്യവർഗത്തിനാകെ കാരുണ്യവും അനുഗ്രഹവുമായ സുവിശേഷമറിയിക്കുക, തൗറാത്തിലും ഇഞ്ചീലിലും മുൻകൂട്ടിപ്പറഞ്ഞ അന്ത്യപ്രവാചകനെ അയക്കുക, ദൈവികമാർഗനിർദേശം അനുസരിക്കാത്തവർക്ക് കഠിന ശിക്ഷയുണ്ടെന്ന് മുന്നറിയിപ്പു നൽകുക, ദൈവികമാർഗം സ്വീകരിച്ച് ജീവിക്കുന്ന വിശ്വാസികൾക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന സുവിശേഷമറിയിക്കുക, കളങ്കമേശാത്ത സമ്പൂർണ ദൈവവചനവും സന്ദേശവുമായി നിലനിൽക്കുക തുടങ്ങിയവ അവയിൽപെടുന്നു.

മുൻ വേദഗ്രന്ഥങ്ങളിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനും ഉണ്ടെങ്കിൽ തിരുത്തുന്നതിനു സഹായകമാകുന്നതെങ്ങനെ എന്ന് പരിശോധിക്കാം.

ബൈബിളിലും ഖുർആനിലും വിവരിക്കപ്പെട്ടിട്ടുള്ളതാണ് അബ്രഹാമിന്റെ പുത്രബലി. അബ്രഹാമിന് 86 വയസ്സുള്ളപ്പോഴായിരുന്നു അദ്ദേഹത്തിന് ആദ്യപുത്രൻ ഇസ്മായേൽ ജനിച്ചതെന്ന് ബൈബിൾ പറയുന്നു. ആ ജനനം ബൈബിൾ ഇങ്ങനെ രേഖപ്പെടുത്തി: "ഹാഗാറിൽ (ഹാജറാ) അബ്രാമിന് ഒരു പുത്രൻ ജനിച്ചു. ഹാഗാർ പ്രസവിച്ച മകന് അബ്രാം ഇസ്മായേൽ എന്നു പേരിട്ടു. ഹാഗാർ ഇസ്മായേലിനെ പ്രസവിച്ചപ്പോൾ അബ്രാമിന് എൺപത്തിയാറു വയസ്സായിരുന്നു" (ഉൽപത്തി 16:15,16).

പിന്നീട് 13 കൊല്ലം കഴിഞ്ഞായിരുന്നു ദൈവം അബ്രഹാമുമായി ഉടമ്പടി ചെയ്തതും അതനുസരിച്ച് അദ്ദേഹത്തിന്റെയും മകൻ ഇസ്മായേലിന്റെയും പരിഛേദനം എന്ന ചേലാകർമം നടത്തിയതും. അപ്പോൾ അബ്രാഹത്തിന് തൊണ്ണൂറ്റൊമ്പതും ഇസ്മായേലിന് പതിമൂന്നും വയസ്സായിരുന്നു പ്രായം. ബൈബിളിൽ അത് ഇങ്ങനെ: "ദൈവം കൽപിച്ചതുപോലെ ആ ദിവസം തന്നെ അബ്രാഹം മകൻ ഇസ്മായേലിനെയും തന്റെ വീട്ടിൽ പിറന്നവരും താൻ വിലകൊടുത്തു വാങ്ങിയവരുമായ സകല പുരുഷന്മാരെയും പരിഛേദനം ചെയ്തു. പരിഛേദന സമയത്ത് അബ്രാഹത്തിനു തൊണ്ണൂറ്റൊമ്പത് വയസ്സും ഇസ്മായേലിനു പതിമൂന്നു വയസ്സുമുണ്ടായിരുന്നു. അന്നുതന്നെ അബ്രാഹവും മകൻ ഇസ്മായേലും പരിഛേദനം ചെയ്യപ്പെട്ടു. അബ്രാഹത്തിന്റെ വീട്ടിലെ എല്ലാ പുരുഷന്മാരും വീട്ടിൽ പിറന്നവരും പരദേശികളിൽനിന്ന് വിലയ്ക്കുവാങ്ങിയവരുമായ എല്ലാവരും അവനോടൊപ്പം പരിഛേദനം ചെയ്യപ്പെട്ടു'' (ഉൽപത്തി 17:23-27).

അന്ന് അബ്രാഹത്തിന് രണ്ടാമത്തെ പുത്രനായ ഇസ്ഹാഖ് ജനിച്ചിരുന്നില്ല. പിന്നെയും ഒരു കൊല്ലം കഴിഞ്ഞ് അബ്രാഹത്തിന് നൂറും ഇസ്മായേലിന് പതിനാലും വയസ്സുള്ളപ്പോഴായിരുന്നു രണ്ടാമത്തെ പുത്രനായ ഇസ്ഹാഖിന്റെ ജനനം. ബൈബിളിൽ അത് ഇങ്ങനെ രേഖപ്പെടുത്തി: "കർത്താവ് വാഗ്ദാനമനുസരിച്ച് സാറായെ അനുഗ്രഹിച്ചു. വൃദ്ധനായ അബ്രാഹത്തിൽനിന്ന് സാറാ ഗർഭം ധരിച്ച് ദൈവം പറഞ്ഞ സമയത്തുതന്നെ പുത്രനെ പ്രസവിച്ചു. സാറായിൽ ജനിച്ച മകന് ഇസ്ഹാഖ് എന്ന് അബ്രാഹം പേരിട്ടു. കുഞ്ഞു പിറന്നിട്ട് എട്ടാം ദിവസം ദൈവകൽപന പ്രകാരം അബ്രാഹം അവന് പരിഛേദനം നടത്തി. അബ്രാഹത്തിന് നൂറു വയസ്സുള്ളപ്പോഴാണ് ഇസ്ഹാഖ് ജനിച്ചത്" (ഉൽപത്തി 21:1-5).

ഈ വിവരണങ്ങളിൽനിന്ന് ഇസ്ഹാഖിനേക്കാൾ 14 വയസ്സ് കൂടുതലുള്ള ജ്യേഷ്ഠസഹോദരനായിരുന്നു ഇസ്മായേൽ എന്ന് മനസ്സിലാക്കാം. ഇളയ സഹോദരനായ ഇസ്ഹാഖ് ജനിക്കുന്നതുവരെയുള്ള പതിനാലു കൊല്ലം അബ്രാഹമിന്റെ ഏക പുത്രൻ ആയിരുന്നു ഇസ്മായേൽ. പിതാവ് മരിക്കുന്നതുവരെ രണ്ട് പുത്രന്മാരും ജീവിച്ചിരുന്നതായും രണ്ടു പേരും ഒന്നിച്ചാണ് പിതാവിന്റെ മൃതദേഹം സംസ്കരിച്ചതെന്നും ബൈബിൾ പ്രസ്താവിക്കുന്നതിനാൽ രണ്ടാമത്തെ മകനായ ഇസ്ഹാഖ് ഒരിക്കലും അബ്രഹാമിന്റെ ഏക പുത്രനായിരുന്നില്ലെന്ന് വ്യക്തമാകുന്നുണ്ട് (ഉൽപത്തി 25:7-10).

അബ്രഹാമിന്റെ ബലിയെ പറ്റിയുള്ള ബൈബിൾ വിവരണം ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ. ബലിയെപ്പറ്റി ബൈബിളിൽ ഇങ്ങനെ വായിക്കാം: "പിന്നീടൊരിക്കൽ ദൈവം അബ്രാഹത്തെ പരീക്ഷിച്ചു. അബ്രാഹം, അവിടുന്ന് വിളിച്ചു. ഇതാ ഞാൻ, അവൻ വിളി കേട്ടു. നീ സ്നേഹിക്കുന്ന നിന്റെ ഏക മകൻ ഇസ്ഹാഖിനെയും കൂട്ടിക്കൊണ്ട് മോറിയാ ദേശത്തേക്കു പോവുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്ക

ണം. അബ്രാഹം അതിരാവിലെ എഴുന്നേറ്റ് കഴുതക്ക് ജീനിയിട്ട് രണ്ടു വേലക്കാരെയും മകൻ ഇസ്ഹാഖിനെയും കൂട്ടി ബലിക്കുവേണ്ട വിറകും കീറിയെടുത്ത് ദൈവം പറഞ്ഞ സ്ഥലത്തേക്കു പുറപ്പെട്ടു. മൂന്നാം ദിവസം അവർ തലയുയർത്തി നോക്കിയപ്പോൾ അകലെ ആ സ്ഥലം കണ്ടു. അവൻ വേലക്കാരോട് പറഞ്ഞു: കഴുതയുമായി നിങ്ങൾ ഇവിടെ നിൽക്കുക. ഞാനും മകനും അവിടെപ്പോയി ആരാധിച്ചുതിരിച്ചുവരാം. അബ്രാഹം ദഹനബലിക്കുള്ള വിറകെടുത്ത് മകൻ ഇസ്ഹാഖിന്റെ ചുമലിൽ വെച്ചു. കത്തിയും തീയും അവൻ തന്നെ എടുത്തു. അവർ ഒരുമിച്ചു മുമ്പോട്ടുനടന്നു. ഇസ്ഹാഖ് തന്റെ പിതാവായ അബ്രാഹത്തെ വിളിച്ചു: പിതാവേ! എന്താ മകനേ, അവൻ വിളികേട്ടു. ഇസ്ഹാഖ് പറഞ്ഞു: തീയും വിറകുമുണ്ടല്ലോ; എന്നാൽ ദഹനബലിക്കുള്ള കുഞ്ഞാടെവിടെ? അവൻ മറുപടി പറഞ്ഞു: ബലിക്കുള്ള കുഞ്ഞാടിനെ ദൈവംതന്നെ തരും. അവരൊന്നിച്ചു മുന്നോട്ടുപോയി.

ദൈവം പറഞ്ഞ സ്ഥലത്തെത്തിയപ്പോൾ, അബ്രാഹം അവിടെ ഒരു ബലിപീഠം പണിതു. വിറക് അടുക്കിവെച്ചിട്ട് ഇസ്ഹാഖിനെ ബന്ധിച്ചു വിറകിനു മീതെ കിടത്തി. മകനെ ബലികഴിക്കാൻ അബ്രാഹം കത്തി കൈയിലെടുത്തു. തൽക്ഷണം കർത്താവിന്റെ ദൂതൻ ആകാശത്തുനിന്ന് അബ്രാഹം അബ്രാഹം എന്നു വിളിച്ചു. ഇതാ ഞാൻ, അവൻ വിളി കേട്ടു. കുട്ടിയുടെ മേൽ കൈവെക്കരുത്. അവനെ ഒന്നും ചെയ്യരുത്. നീ ദൈവത്തെ ഭയപ്പെടുന്നുവെന്ന് എനിക്കിപ്പോൾ ഉറപ്പായി. കാരണം, നിന്റെ ഏകപുത്രനെ എനിക്കു തരാൻ നീ മടികാണിച്ചില്ല. അബ്രാഹം തലപൊക്കി നോക്കിയപ്പോൾ, തന്റെ പിന്നിൽ, മുൾച്ചെടികളിൽ കൊമ്പുടക്കിക്കിടക്കുന്ന ഒരു മുട്ടാടിനെക്കണ്ടു. അവൻ അതിനെ മകനു പകരം ദഹനബലിയർപ്പിച്ചു'' (ഉൽപത്തി 22:1–13).

ബലിസംഭവം ഖുർആനിൽ എങ്ങനെ എന്നു നോക്കാം:

“ഇബ്റാഹീം പ്രാർഥിച്ചു: 'എന്റെ നാഥാ എനിക്കു നീ സച്ചരിതനായ ഒരു മകനെ നൽകേണമേ.'

അപ്പോൾ നാം അദ്ദേഹത്തെ സഹനശാലിയായ ഒരു പുത്രനെ സംബന്ധിച്ച ശുഭവാർത്ത അറിയിച്ചു.

ആ കുട്ടി അദ്ദേഹത്തോടൊപ്പം എന്തെങ്കിലും ചെയ്യാവുന്ന പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ പ്രിയമോനേ, ഞാൻ നിന്നെ അറുക്കുന്നതായി സ്വപ്നം കണ്ടിരിക്കുന്നു. അതിനാൽ നോക്കൂ; നിന്റെ അഭിപ്രായമെന്താണ്?'

അവൻ പറഞ്ഞു: 'എന്റുപ്പാ, അങ്ങ് കൽപന നടപ്പാക്കിയാലും. അല്ലാഹു ഇഛിച്ചെങ്കിൽ ക്ഷമാശീലരുടെ കൂട്ടത്തിൽ അങ്ങക്കെന്നെ കാണാം.'

അങ്ങനെ അവരിരുവരും കൽപനക്കു വഴങ്ങി. അദ്ദേഹമവനെ ചെരിച്ചു കിടത്തി.

അപ്പോൾ നാം അദ്ദേഹത്തെ വിളിച്ചു: 'ഇബ്റാഹീമേ,

സംശയമില്ല; നീ സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു.' അവ്വിധമാണ് നാം സച്ചരിതർക്ക് പ്രതിഫലം നൽകുന്നത്.

ഉറപ്പായും ഇതൊരു വ്യക്തമായ പരീക്ഷണം തന്നെയായിരുന്നു. നാം അവനുപകരം ബലിയർപ്പിക്കാനായി മഹത്തായ ഒരു മൃഗത്തെ നൽകി.

പിന്മുറക്കാരിൽ അദ്ദേഹത്തിന്റെ സൽക്കീർത്തി നിലനിർത്തുകയും ചെയ്തു. ഇബ്റാഹീമിന് സമാധാനം. ഇവ്വിധമാണ് നാം സച്ചരിതർക്കു പ്രതിഫലം നൽകുന്നത്.

സംശയമില്ല; അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസന്മാരിൽ പെട്ടവനായിരുന്നു” (37:100,111).

സത്യവും അസത്യവും വേർതിരിച്ചറിയാൻ സഹായിക്കുന്നുവെന്നാണ് ഖുർആൻ നടത്തിയിട്ടുള്ള ഒരു അവകാശവാദം. ഖുർആന്റെ ആരംഭം മുതൽ നിലനിൽക്കുന്ന ബലിപുത്രനെ സംബന്ധിച്ച ഈ വിവാദത്തിൽ വാസ്തവവും അവാസ്തവവും തിരിച്ചറിയുന്നതിന് എങ്ങനെ കഴിയുമെന്ന് നോക്കാം. 'ഏകപുത്രനായ ഇസ്ഹാഖി'നെ ബലിയർപ്പണത്തിന് കൊണ്ടുപോയി എന്നാണ് ബൈബിൾ പ്രസ്താവന. വിഷയത്തിന്റെ മർമം ഒളിഞ്ഞിരിക്കുന്നതാണ് പ്രസ്തുത വാക്യം. പതിനാല് വയസ്സ് പ്രായക്കൂടുതലുള്ള ജ്യേഷ്ഠസഹോദരൻ ഇസ്മാഈൽ ജീവിച്ചിരിക്കെ ഇസ്ഹാഖ് ഒരിക്കലും ഏകപുത്രനായിരുന്നില്ലെന്ന സത്യം മുഴച്ചുനിൽക്കുന്നതായി കാണാം. എന്നുതന്നെയല്ല അനുജനായ ഇസ്ഹാഖ് ജനിക്കുന്നതുവരെയുള്ള 14 കൊല്ലക്കാലം അബ്രഹാത്തിന്റെ ഏകപുത്രൻ എന്ന പ്രയോഗം ആർക്കെങ്കിലും യോജിക്കുമെങ്കിൽ അത് ഇസ്മായേലിനു മാത്രമായിരുന്നു എന്നും മനസ്സിലാക്കാണം. 175 വയസ്സുള്ളപ്പോൾ നിര്യാതനായ ഇബ്റാഹീം നബിയെ ജ്യേഷ്ഠാനുജന്മാരായ ഇസ്മായേലും ഇസ്ഹാഖും കൂടി മക്പെലാഗുഹയിൽ അടക്കം ചെയ്തതായും ബൈബിൾ പറയുന്നുണ്ട്. ആ ബൈബിൾവാക്യങ്ങളും വ്യക്തമാക്കുകയാണ് ഇബ്റാഹീം നബിയുടെ ജീവിതകാലത്ത് ഒരിക്കലും ഇസ്ഹാഖ് അദ്ദേഹത്തിന്റെ ഏകമകൻ ആയിട്ടില്ലെന്ന യാഥാർഥ്യം (ഉൽപത്തി 25:7–9).

ബലിയർപ്പിച്ചത് ഇസ്മാഈലിനെ ആണെന്ന് ഖുർആനിൽ പേരുപറഞ്ഞിട്ടില്ലെന്നുള്ളത് നേരുതന്നെ. എങ്കിലും ഒരു മകൻ മാത്രമുണ്ടായിരുന്ന 14 വർഷക്കാലത്ത് ഏകമകൻ എന്നു പറയാതെ മകൻ എന്നു മാത്രം പറഞ്ഞാലും അത് ഇസ്മാഈലിനു മാത്രമായിരുന്നു ബാധകം. അതുകൊണ്ടാണ് ഖുർആൻ ഇസ്മാഈൽ എന്നോ ഏകപുത്രനെന്നോ പറയാതെ 'അബ്രഹാമിന്റെ മകൻ' എന്നു മാത്രം പറഞ്ഞ് സംഭവവിവരണം നൽകിയത്. ■

(തുടരും)